പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരമുള്ളത്]

2019 നവംബർ 21-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരമുള്ളത്]

1396/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി-VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, എം.എൽ.എ.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

## അവതാരിക

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ പ്രത്യേക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 28-12-2016, 15-11-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

19-11-2019-ൽ ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
19-11-2019.

# റിപ്പോർട്ട്

"ദൈവത്തിന്റെ സ്വന്തം നാട് " എന്നറിയപ്പെടുന്ന കേരളം പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ടവും ഉഷ്ണമേഖലാ കാലാവസ്ഥയും സമൃദ്ധമായ മഴക്കാലങ്ങളും സുന്ദരവും ഹരിതാഭവുമായ ഭൂപ്രകൃതിയും ജലസമ്പത്തും വനങ്ങളും നാൽപ്പതിലധികം നദികളും നീണ്ട കടൽത്തീരവും കൊണ്ട് അനുഗ്രഹീതമാണ്. ദൈവത്തിന്റെ സ്വന്തം നാടാകുന്നതിനും മുൻപേ കേരളം കുടിയേറ്റത്തിന്റെ നാടായിരുന്നു. രാജ്യം സ്വാതന്ത്ര്യം നേടുന്നതിനും മുമ്പേ ദാരിദ്ര്യത്തിൽ നിന്നും ഉച്ചനീചത്വത്തിൽ നിന്നും രക്ഷനേടാൻ മലയാളി കുടിയേറ്റം ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളികളായ മലബാറുകാരെ ബ്രിട്ടീഷുകാർ ആൻഡമാനിലേയ്ക്കും നിക്കോബാറിലേക്കും നാട് കടത്തി. തൊഴിൽ തേടി ബോംബെയിലേയ്ക്കും ബർമ്മയിലേയ്ക്കും തുടർന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്കും ആസ്ട്രേലിയ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കുമൊക്കെ മലയാളികൾ കുടിയേറ്റം നടത്തുകയുണ്ടായി.

(2) ജനന-മരണ നിരക്കുകളിൽ വന്ന ഗണ്യമായ കുറവ്, ജനസംഖ്യാവിതരണത്തിൽ ഉണ്ടായ വ്യതിയാനങ്ങൾ, സാർവത്രിക വിദ്യാഭ്യാസം തുടങ്ങിയവ കേരളത്തിൽ അഭ്യസ്തവിദ്യരുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മക്ക് കാരണമായി. എന്നാൽ ഇതേ സമയം കായികാധ്വാനം ഏറെ ആവശ്യമായ പല തൊഴിലുകൾക്കും തദ്ദേശീയരെ കിട്ടാത്ത ഒരു സാഹചര്യവും സംജാതമായി. എഴുപതുകളിൽ എണ്ണ വിപണിയിലുണ്ടായ ഉണർവ്വിനെത്തുടർന്ന് ഗൾഫ് നാടുകളിലേക്ക് കേരളത്തിൽ നിന്നുണ്ടായ വർദ്ധിച്ച കുടിയേറ്റവും തുടർന്ന് നാട്ടിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായ വർദ്ധനവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് പ്രത്യേകിച്ച് തമിഴ് നാട്ടിൽ നിന്നുമുള്ള തൊഴിലാളികളുടെ കുടിയേറ്റം വർദ്ധിക്കാനിടയാക്കി. മലയാളികൾ ഏറെക്കുറെ ഉപേക്ഷിച്ച ടെലഫോൺ കേബിളിടൽ, ഓട വൃത്തിയാക്കൽ, ഇഷ്ടികകളങ്ങളിലെയും തോട്ടങ്ങളിലെയും പണികൾ തുടങ്ങി കരിങ്കല്ല് പൊട്ടിക്കാനും കെട്ടിടനിർമ്മാണത്തിനും വരെ സഹ്യനപ്പുറത്തുനിന്ന് തമിഴ് യുവാക്കളും കുടുംബങ്ങളും വന്നെത്തി.

(3) ഇത്തരം മേഖലകളിലെ വർദ്ധിച്ച തൊഴിലവസരങ്ങളും നാട്ടിലേക്കാൾ ഉയർന്ന കൂലിയും ഇവിടത്തെ പ്രധാന ആകർഷണങ്ങളായി. ക്രമേണ നിർമ്മാണ രംഗത്തെ അവിദഗ്ദ്ധ തൊഴിലുകളിൽ നല്ലൊരു പങ്കും തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ നിർവ്വഹിച്ചു. കുറഞ്ഞ കൂലിക്ക് കായികാധ്വാനം ഏറെയുള്ള പണിയെടുക്കുന്ന തമിഴ് തൊഴിലാളികൾ ഒറ്റയ്ക്കും കൂട്ടായും കേരളത്തിന്റെ തൊഴിലാളി ദൗർലഭ്യം പരിഹരിച്ചു. പിന്നീട് തമിഴ്നാട് കാർഷിക-വ്യവസായ പുരോഗതി നേടിയപ്പോൾ കേരളത്തിൽ നിന്ന് അവർ പിൻവാങ്ങി.

(4) 2000-ന ശേഷമാണ് ഉത്തരേന്ത്യൻ തൊഴിലാളികൾ കേരളത്തിലേക്ക് വന്നത്. 2002-2003 കാലത്ത് ഇവർ കൂട്ടം കൂട്ടമായി വന്നുതുടങ്ങി. അതിനുമുമ്പ് ബാംഗ്ലൂരായിരുന്നു ഇവരുടെ കേന്ദ്രം. ബാംഗ്ലൂർ നഗരനിർമ്മാണത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചത് ഈ തൊഴിലാളികളാണ്. നഗരം വികസനത്തിന്റെ പരകോടിയിലെത്തിയപ്പോൾ ബാംഗ്ലൂരിൽ ഇവർക്ക് ജോലി കിട്ടാതായി. കർണ്ണാടകയിലെ ഗ്രാമപ്രദേശങ്ങളിലുള്ളവർ കുറഞ്ഞ വേതനത്തിൽ തൊഴിലെടുക്കാൻ നഗരത്തിലേക്ക് വന്നതോടെ ആസാം, ബംഗാൾ, ബീഹാർ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ നിന്നുള്ള തൊഴിലാളികൾ കേരളത്തിലേക്ക് കുടിയേറി.

(5) ജോലി സാധ്യതയും ഉയർന്ന വേതനവും തൊഴിൽ സമത്വവുമാണ് ഇതര സംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന മുഖ്യഘടകങ്ങൾ. ചെയ്യുന്ന ജോലിക്ക് കൂലികിട്ടുമെന്ന ഉറപ്പും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുമെന്നതും അവരെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവമായിരുന്നു. തങ്ങളുടെ നാട്ടിൽ ലഭിക്കുന്ന കൂലിയുടെ മൂന്ന് മടങ്ങുവരെയാണ് കേരളത്തിൽ ലഭിക്കുന്നത്. കേരളത്തിലെ സാമൂഹിക സുരക്ഷിതത്വം, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ കണ്ടറിഞ്ഞ് നാട്ടിൽ നിന്ന് കുടുംബത്തെ ഒപ്പം കൂട്ടിയവരും ഇക്കൂട്ടത്തിലുണ്ട്.

(6) പശ്ചിമബംഗാൾ, ഒഡിഷ, ആസാം, ബീഹാർ, ജാർഖണ്ഡ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും നേപ്പാൾ, ബംഗ്ലാദേശ്, ഭൂട്ടാൻ എന്നീ അയൽ രാജ്യങ്ങളിൽ നിന്നുള്ളവരും കേരളത്തിലേക്ക് എത്തുന്നുണ്ട്. ആദ്യമാദ്യം റോഡുപണിക്കുമാത്രം നിയോഗിക്കപ്പെട്ടിരുന്ന ഇവർ ഇന്ന് കെട്ടിടനിർമ്മാണ മേഖലയിൽ മാത്രമല്ല, ഹോട്ടൽ ജോലിയും കൃഷി ജോലികളും വീട്ടുപണികളും റബ്ബർ ടാപ്പിംഗും വരെ വശമാക്കി ആ മേഖലകളിലേക്കും കടന്നു. മുർഷിദാബാദ് - എറണാകുളം ഇന്ത്യയിലെ പ്രധാന കുടിയേറ്റ ഇടനാഴി ആയി മാറിയിട്ടുണ്ട്. കേരളത്തിലെ ഗ്രാമങ്ങളെ നഗരങ്ങളാക്കി കൊണ്ടിരിക്കുന്നത് ഇവരാണ്. വ്യവസായ നഗരങ്ങൾ മാത്രമല്ല ആഡംബര ഹർമ്മ്യങ്ങൾ വരെ ഇവരുടെ കരകൗശലത്തിന് തെളിവാണ്. തിരുവനന്തപുരത്തെ ടെക്നോപാർക്ക് ഉൾപ്പെടെ ഇവരുടെ വിയർപ്പിൽ കെട്ടിപ്പൊക്കിയ വിസ്മയങ്ങളേറെയാണ്. ഇവരുടെ സേവനം ലഭിക്കുന്നില്ലെങ്കിൽ കേരളത്തിലെ നിർമ്മാണ മേഖല സ്തംഭിക്കും എന്ന അവസ്ഥ വരെ സംജാതമായിട്ടുണ്ട്.

(7) കുടിയേറ്റത്തൊഴിലാളികളുടെ ആധിക്യംമൂലം സംസ്ഥാനത്തുനിന്ന് ഉന്മൂലനം ചെയ്ത പല പകർച്ചവ്യാധികളും തിരികെവരുന്നു, അക്രമങ്ങൾ പെരുകുന്നു തുടങ്ങിയ വാർത്തകൾ, ഇത്തരത്തിലുള്ള തൊഴിൽ കുടിയേറ്റം ഒരു സാമൂഹിക വിപത്താണെന്ന ചിന്ത ഒരു വിഭാഗം കേരളീയരിൽ സൃഷ്ടിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇവരോടുള്ള കേരള സമൂഹത്തിന്റെ മനോഭാവമെന്താണെന്നും എന്തെല്ലാമാണ് പ്രവാസിത്തൊഴിലാളികളുടെ പ്രതിസന്ധികളെന്നും സാമൂഹികമായും സാംസ്കാരികമായും ഇവർ ഉയർത്തുന്ന

വെല്ലുവിളികൾ എന്തൊക്കെയാണെന്നും ചർച്ച ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യമായ വിഷയ നിർണ്ണയ സമിതി VII കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(I) (iii) പ്രകാരം ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 28-12-2016, 15-11-2017 എന്നീ തീയതികളിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

(8) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമം, ഭവനം, ആഭ്യന്തരം, തൊഴിൽ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയിൽ നിരീക്ഷിച്ച വസ്തുതകളും, ഓരോ വകുപ്പിലും നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

(9) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) തൊഴിൽ വകുപ്പിനുവേണ്ടി നടത്തിയ പഠനപ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ എണ്ണം ഏകദേശം 25 ലക്ഷം കവിയും എന്നു പറയുന്നുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ഭക്ഷ്യ ധാന്യ വിഹിതം വർദ്ധിപ്പിക്കുന്നതിനായി ഇവിടെ വന്ന് ജോലി ചെയ്യുന്നവരുടെയും തിരിച്ചുപോകുന്നവരുടെയും കൃത്യമായ കണക്ക് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തന്നെ സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി തൊഴിലും പുനരധിവാസവും വകുപ്പ് ആവാസ് (AAWAZ) എന്ന പേരിൽ നടപ്പാക്കി വരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രത്യേക പ്രാധാന്യ മർഹിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും നടത്തി തിരിച്ചറിയൽ കാർഡ് നൽകി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ).1325/2016/ തൊഴിൽ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്.

(10) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ

സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. 'ആവാസ് ' പദ്ധതി പ്രാബല്യത്തിൽ വന്നതോടുകൂടി ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ/എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നതോടൊപ്പം ഇവർക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷയും ആണ് പദ്ധതിയിൽ തുടക്കത്തിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ. അപകടങ്ങളിൽ സ്ഥിരവൈകല്യം സംഭവിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം അനുവദിച്ചുകൊണ്ടും സൗജന്യ ചികിത്സാ പരിധി 25000 രൂപ ആയി ഉയർത്തിക്കൊണ്ടും പ്രസവസംബന്ധമായ ചികിത്സയ്ക്കുകൂടി സൗജന്യചികിത്സ ലഭ്യമാക്കിക്കൊണ്ടും ജി.ഒ. (ആർ.ടി.) 1330/19/തൊഴിൽ തീയതി 1-11-2019 പ്രകാരം ഉത്തരവായിട്ടുണ്ട്.

(11) ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന/താമസിക്കുന്ന/കൂട്ടംകൂടി നിൽക്കുന്ന സ്ഥലങ്ങളിൽ പോയി വിവരങ്ങൾ ശേഖരിച്ച് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത് കാർഡ് അവിടെ വച്ചുതന്നെ പ്രിന്റ് ചെയ്തുകൊടുക്കുന്ന സംവിധാനമാണ് വികസിപ്പി ച്ചെടുത്തിട്ടുള്ളത്. 5-11-2019 വരെ 467765 തൊഴിലാളികളാണ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഗവൺമെന്റിന്റെ ഡേറ്റാ സെന്ററിലെ സെർവ്വറിൽ മുഴുവൻ ഡേറ്റയും സൂക്ഷിച്ച് വയ്ക്കുന്ന പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്.

(12) 'ആവാസ് ' പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർനിർദ്ദേശം നൽകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-I എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാർ, പ്രസിഡന്റുമാർ തുടങ്ങിയവരെല്ലാം സഹകരിക്കുകയാണെങ്കിൽ അൺ ഓർഗനൈസ്ഡ് സെക്ടറിലെ ഇതര സംസ്ഥാന തൊഴിലാളികളെ പൂർണ്ണമായും രജിസ്ട്രേഷൻ പദ്ധതിയിലേക്ക് കൊണ്ടു വരാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. രജിസ്ട്രേഷന്റെ പ്രാധാന്യം സംബന്ധിച്ചും രജിസ്ട്രേഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് സംബന്ധിച്ചും എല്ലാ പഞ്ചായത്ത് മെമ്പർമാരെയും സെക്രട്ടറിമാരെയും ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ജനങ്ങൾക്ക് ബോധവൽക്കരണം

നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ വരുന്നതും പോകുന്നതുമായ വിവരം വാർഡ് മെമ്പർ അറിയണമെന്നും അവരെ രജിസ്ട്രേഷനിലേക്ക് കൊണ്ടുവരേണ്ടതാണെന്നുമുള്ള ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുണ്ടാകണമെന്നും, തൊഴിൽ വകുപ്പുമായി സഹകരിച്ച് ജില്ലാടിസ്ഥാനത്തിൽ ഒരു സെൽ രൂപീകരിക്കണമെന്നും ഇതിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ മീറ്റിംഗ്/ചർച്ച സംഘടിപ്പിക്കണമെന്നും ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ ഏകോപനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(13) എൻറോൾമെന്റ് ക്യാമ്പുകളിൽ എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവർ തെളിവായി ഹാജരാക്കുന്ന ആധാർകാർഡ്/ഡ്രൈവിംഗ്ലൈസൻസ്/തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് എന്നിവയിലുള്ള വിവരങ്ങൾ പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതോടൊപ്പം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ തീരുമാനത്തിൽ നിന്നും വരുന്ന അപ്പീലുകൾ അതാത് റീജിയണുകളിൽ തന്നെ തീർപ്പുകൽപ്പിക്കാൻ അപ്പലേറ്റ് അതോറിറ്റികളായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(14) ആവാസ് പദ്ധതി പ്രകാരം എൻറോൾമെന്റ് പദ്ധതിയിൽ സഹകരിക്കുന്ന കുടുംബശ്രീ മിഷൻ ജീവനക്കാർക്ക് പൂർത്തീകരിക്കുന്ന കാർഡ് ഒന്നിന് 6 രൂപ നിരക്കിൽ വേതനം നൽകുന്നുണ്ടെന്ന് ഉത്തരവിൽ പറയുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി കുറ്റമറ്റതാക്കുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും യോഗ്യരായിട്ടുള്ള ആളുകളെ തെരഞ്ഞെടുത്ത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും സാമൂഹിക പ്രതിബദ്ധതയോടുകൂടി പരിശീലനം നൽകി പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(15) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളെ ആവാസ് പദ്ധതിയുടെ ഭാഗമായുള്ള ആശുപത്രികളായി കൂടി എംപാനൽ ചെയ്തുകൊണ്ട് ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും നിശ്ചയിക്കുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ, ലേബർ കമ്മീഷണർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ചിയാക്ക് എന്നിവരെ അംഗങ്ങളാക്കി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ചിയാക്ക് മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന അഷ്വറൻസ് മാതൃകയിലാണ് സൗജന്യചികിത്സാ ആനുകൂല്യം നൽകി വരുന്നത്.

(16) 1-1-2017 മുതൽ ആവാസ് പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തി അംഗത്വ കാർഡ് ലഭിച്ച തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നിലവിൽ വരുന്നതിനുമുമ്പുള്ള കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള അപകടമോ അസുഖമോ കാരണം ചികിത്സ തേടേണ്ടിവരികയാണെങ്കിൽ എഫ്.ഐ.ആർ, ചികിത്സാ രേഖകൾ എന്നിവ പരിശോധിച്ച് പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സാ സഹായവും അപകടമരണ ഇൻഷ്വറൻസും ആവാസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(17) ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിക്കായി വരുമ്പോൾ അവരുടെ സംസ്ഥാനത്തിലെ തൊഴിൽ/പോലീസ് വകുപ്പുകളിൽ നിന്നുമുള്ള ഒരു വെരിഫിക്കേഷൻ സർട്ടിഫിക്കറ്റോ ആധാർ നമ്പരും ഫോട്ടോയുമുള്ള ഒരു ഐ.ഡി കാർഡോ സഹിതം വരുകയും, ആയത് തൊഴിൽ വകുപ്പ് രജിസ്റ്റർ ചെയ്ത് ഐ.ഡി കാർഡ് നൽകുകയും ചെയ്താൽ ഇവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മനസ്സിലാക്കുവാനും ഇവർക്കെന്തെങ്കിലും അപകടം സംഭവിച്ചാൽ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും കുറ്റവാളികളെ ഒഴിവാക്കാനും, തീവ്രവാദികൾ കടന്നുവരുന്നതു തടയാനും സഹായകമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഏതെങ്കിലും തരത്തിലുള്ള തിരിച്ചറിയൽ കാർഡ് ഉള്ളവർക്ക് മാത്രം തൊഴിൽ നൽകുവാൻ ശ്രദ്ധിക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(18) ഇതരസംസ്ഥാന തൊഴിലാളികളെല്ലാം ക്രിമിനലുകളാണെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഒറ്റപ്പെട്ട അക്രമ സംഭവങ്ങളും, ലഹരി മരുന്നിന്റെ ഉപയോഗവും തടയാൻ പോലീസ് ഫലപ്രദമായി ഇടപെടണമെന്നും ഇപ്പോൾ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ നടത്തുന്ന പട്രോളിംഗ് ശക്തിപ്പെടുത്തണമെന്നും അവരുടെ പരാതികൾ സ്വീകരിക്കാൻ നടപടി എടുക്കണമെന്നും ശിപാർശ ചെയ്യുന്നു.

(19) ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് ഇതര സംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് 1996, കരാർ തൊഴിലാളി നിയമം 1970, മിനിമം വേതനനിയമം 1948, പേയ്മെന്റ് ഓഫ് വേജസ് നിയമം 1936 തുടങ്ങി സംസ്ഥാനത്തെ വിവിധ വിഭാഗം തൊഴിലാളികൾക്ക് ബാധകമായ വിവിധ നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കുന്നതാണ്. കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും സംശയനിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ

ദൈനംദിന/തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ആയതിന്മേലുള്ള പരിഹാരത്തിനും സഹായകരമായ രീതിയിൽ ജില്ലകൾതോറും ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(20) ഹിന്ദി, ഒറിയ ഭാഷകൾക്കുപുറമേ ആസാമീസ്, ബീഹാറി ഭാഷകളിൽ കൂടി ബ്രോഷറുകൾ/ലഘുലേഖകൾ എന്നിവ ഫെസിലിറ്റേഷൻ സെന്ററുകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ മുഖേന വിതരണം ചെയ്യേണ്ടതാണെന്നും പ്രത്യേകം സ്ഥലം ഏർപ്പെടുത്തുവാൻ പ്രയാസമുള്ള സ്ഥലങ്ങളിലെല്ലാം ഡിസ്ട്രിക്ട് ലെവൽ ഓഫീസർ തന്നെ സെന്ററുകൾ തുറന്ന് ആവശ്യമുള്ളപക്ഷം ഭാഷയറിയാവുന്ന ആരെയെങ്കിലും കരാർ അടിസ്ഥാനത്തിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(21) ഇതര സംസ്ഥാന തൊഴിലാളികൾ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുമ്പോൾത്തന്നെ എന്തെങ്കിലും സഹായം വേണ്ടിവന്നാൽ ചെയ്തുകൊടുക്കാൻ സാധിക്കുന്ന തരത്തിൽ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും അവിടെ എല്ലാ ഭാഷകളിലുമുള്ള ബോർഡുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(22) തോട്ടം മേഖലകളിൽ കൊളുന്ത് കൂടുതലുള്ള സീസണിൽ ബംഗാൾ,ആസാം എന്നിവിടങ്ങളിൽ നിന്ന് തൊഴിലാളികൾ വരികയും സീസൺ കഴിയുമ്പോൾ തിരിച്ച് പോകുകയും ചെയ്യുന്നതുകൊണ്ട് തോട്ടം മേഖലയിലെ സാധാരണ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ഇവർക്ക് ലഭിക്കുന്നില്ലെന്നും ഈ വിഷയം ഒരു വകുപ്പിന്റെയും ശ്രദ്ധയിൽ വന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സീസൺ അനുസരിച്ച് വരുകയും പോവുകയും ചെയ്യുന്നതുകൊണ്ട് ഇവരെ സംഘടിപ്പിക്കുന്നതിനും ഇവർക്ക് വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുവാനും ബുദ്ധിമുട്ട് നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നിയമപരിരക്ഷയും തോട്ടം മേഖലയിലെ തൊഴിലാളികൾക്കും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇവർക്ക് അപകടങ്ങളിൽ പരിക്ക പറ്റുകയാണെങ്കിൽ ഇവരുടെ പ്രശ്നങ്ങളെന്താണെന്ന് ഡോക്ടർമാരോടും ബന്ധപ്പെട്ട അധികാരികളോടും അറിയിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള ഒരു ഹെൽപ്ലൈൻ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(23) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ, കേരള' നടപ്പിലാക്കി വരുന്ന "അപ്നാഘർ" ഭവനപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എട്ട് കോടി

ചെലവിൽ 44200 സ്ക്വയർ ഫീറ്റിൽ 620 പേർക്ക് താമസിക്കാവുന്ന എല്ലാവിധ സൗകര്യങ്ങളുമുള്ള ഈ കെട്ടിടത്തിൽ അടുക്കള, ടോയ്ലറ്റ്, ഊണുമുറി എന്നിവയും കുളിക്കാനും വസ്ത്രം അലക്കുന്നതിനുമുള്ള സൗകര്യവും കൂടാതെ വിശ്രമിക്കാനായി ഇരിപ്പിടവും നിർമ്മിക്കുന്നുണ്ട്. ആകെ 64 മുറികളുള്ളതിൽ രണ്ട് മുറികൾ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടി വരുന്നതിനാൽ ബാക്കി 62 മുറികളാണ് ഇപ്പോൾ തുറന്നു കൊടുക്കാൻ സജ്ജമായിരിക്കുന്നതെന്നും 62 മുറികളിലേയ്ക്ക് 620 ആളുകളെ തെരഞ്ഞെടുക്കുകയും അവർ ഹോസ്റ്റലിൽ താമസം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 800 രൂപയായി നിശ്ചയിച്ചിരുന്ന വാടക പിന്നീട് 1,000 രൂപയായി ഉയർത്തിയിട്ടുണ്ട്. അന്തേവാസികളായ തൊഴിലാളികൾക്ക് ലഹരി ഉപയോഗം സംബന്ധിച്ച പരിശോധനയും ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. പ്രസ്തുത മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നും ആശാവഹമാണ്. അപ്നാഘർ പദ്ധതി കളമശ്ശേരി സ്കീം (എറണാകുളം ജില്ല) നടപ്പിലാക്കാൻ കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളത്ത് ഒരു ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് പാട്ടത്തിന് എടുക്കാനുള്ള നടപടികൾ പൂർത്തീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കിനാലൂരിൽ (കോഴിക്കോട് ജില്ല) പദ്ധതി നടപ്പിലാക്കാൻ കെ. എസ്. ഐ. ഡി. സി-യിൽ നിന്ന് ഒരു ഏക്കർ സ്ഥലം ദീർഘകാല പാട്ടത്തിന് ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. തൊഴിലാളികൾക്ക് നൽകുന്ന സ്ഥലം വൃത്തിയായും സൗകര്യപ്രദമായും സൂക്ഷിക്കുന്നുവെന്നത് കൃത്യമായ പരിശോധനകളിലൂടെ ഉറപ്പാക്കണമെന്നും എല്ലാ ജില്ലകളിലും പ്രസ്തുത മോഡൽ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതി ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങാതെ റവന്യൂ ഭൂമിയോ മറ്റേതെങ്കിലും ഏജൻസികളുടെ ഭൂമിയോ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(24) കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധിബോർഡിന്റെ ഭാഗമായി 2010-ൽ നിലവിൽ വന്ന പദ്ധതി പ്രകാരം കുറച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ കണക്ക് കൃത്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

(25) പരമ്പരാഗത മേഖലകളിൽ ജോലിചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന സാമൂഹ്യസുരക്ഷാ പ്രശ്നങ്ങൾക്ക് നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ചുതന്നെ പരിഹാരം കണ്ടെത്തുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നും കേരളത്തിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ നിയമ

പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭിക്കത്തക്ക നിലയിലുള്ള പ്രവർത്തനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(26) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000 രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങളിൽ പനി, മലമ്പനി, കാലാ അസർ, കുഷ്ഠം, ക്ഷയം, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയുടെ പരിശോധനയും ചികിത്സയും ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ടെന്നും എല്ലാ ജില്ലകളിലും പതിവായി മെഡിക്കൽ ടീം തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ കുടിയേറ്റ തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് സ്ക്രീനിംഗ് ടെസ്റ്റ് നടത്തി ആവശ്യമായ ചികിത്സ നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കോഴിക്കോട് ഫറോക്കിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ സ്വകാര്യ ഡോക്ടർമാർ പങ്കെടുത്തിട്ടും കെ.ജി.എം.ഒ.-എയുടെ സമരത്തിന്റെ ഭാഗമായി സർക്കാർ ഡോക്ടർമാർ പങ്കെടുക്കാതിരുന്നത് അപലപനീയമാണെന്ന് സമിതി വിലയിരുത്തുകയും ഇത്തരം സാഹചര്യങ്ങളിൽ ഡോക്ടർമാർ സാമൂഹിക പ്രതിബന്ധത കണക്കിലെടുത്ത് സൗജന്യ സേവനം നൽകുവാൻ തയ്യാറാകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

(27) ഇതര സംസ്ഥാന തൊഴിലാളികളുടെ താമസകേന്ദ്രങ്ങൾ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ടോയ്ലറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ സർക്കാർ പദ്ധതി പ്രകാരം അവ നിർമ്മിച്ചുകൊടുക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തൊഴിൽ വകുപ്പും ഈ വിഷയത്തിൽ ശക്തമായി ഇടപെടണമെന്നും സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(28) 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) വാഹനങ്ങളിൽ പോയി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഓരോ മൈഗ്രന്റ് സ്ക്രീനിംഗ് ടീമിലും ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഡ്രൈവർ എന്നിവരെ നിയോഗിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ക്യാമ്പ് നടത്തിയ സ്ഥലങ്ങളിലെല്ലാം (ഫറോക്ക് ഒഴിച്ച്) ഡോക്ടർമാരും ആരോഗ്യവകുപ്പും നല്ല സഹകരണം തന്നെയാണ് വകുപ്പിന് നൽകിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ആരോഗ്യ വകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇത്തരത്തിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(29) ഹെൽത്ത് കേരള പ്രോഗ്രാമിന്റെ ഭാഗമായി നിശ്ചിത ദിവസങ്ങളിൽ എല്ലാ ജില്ലകളിലെയും ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും (ലേബർക്യാമ്പ്) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരും പൊതുജനാരോഗ്യ സംബന്ധമായ പരിശോധനകൾ നടത്തിവരുന്നുണ്ടെന്നും പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ നിലവിലുള്ള പൊതുജനാരോഗ്യ നിയമപ്രകാരം വേണ്ട. നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും ടി പദ്ധതി പ്രകാരം ലേബർ ക്യാമ്പുകളിലെ ശുചിത്വം പരിശോധിച്ച് നടപടി എടുക്കുവാൻ സാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന 'ഇ-ഹെൽത്ത് ' പ്രോഗ്രാം തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന 9 ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

1. ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആശുപത്രി, പേരൂർക്കട
3. താലൂക്ക് ആശുപത്രി, കോട്ടുകൽകം
4. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്
5. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മണമ്പൂർ
6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളനാട്
7. പ്രാഥമികാരോഗ്യകേന്ദ്രം, വേളി
8. പ്രാഥമികാരോഗ്യകേന്ദ്രം, ഉഴമലയ്ക്കൽ
9. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുന്നിയൂർ

(30) ഇ-ഹെൽത്തിൽ സഹകരിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ എന്നിവരിൽ നിന്നും മറ്റ് ജീവനക്കാരിൽ നിന്നും സോഫ്റ്റ്വെയറിന്റെ പോരായ്മകൾ മനസ്സിലാക്കി സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണെന്നും ഇതുപോലെ ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രത്തിലും ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈയ്ക്കാട്, ജനറൽ ആശുപത്രി തിരുവനന്തപുരം, റ്റി.ബി. ആശുപത്രി പുലയനാർക്കോട്ട, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹാർഡ്വെയർ-നെറ്റ്വർക്ക് മുഖാന്തരം ഇ-ഹെൽത്ത് സോഫ്റ്റ്വെയർ ഉടൻതന്നെ നടപ്പിലാക്കുമെന്നും സമിതി പ്രതീക്ഷിക്കുന്നു.

(31) കേരളത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ സാക്ഷരതയും സാമ്പത്തിക-സാംസ്കാരിക ഉന്നമനവും സംബന്ധിച്ച് അവബോധമുണ്ടാക്കേണ്ടത് ആവശ്യമാണെന്നതിനാൽ സംസ്ഥാനത്തെ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളിൽ ഇതരസംസ്ഥാന തൊഴിലാളികളെയും അവരുടെ കുടുംബത്തെയും ഉൾപ്പെടുത്തണമെന്നും നമ്മുടെ ഭാഷയുടെ കൂടെ അവരുടെ ഭാഷയും കൂടി പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(32) കൂടാതെ കുടുംബത്തോടൊപ്പം താമസിച്ച് ജോലിക്ക് വരുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് പകൽ സമയം മാതാപിതാക്കളുടെ ജോലിസ്ഥലത്തിനടുത്ത് സംരക്ഷണം ഒരുക്കുന്നതിനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(33) കേരളം ഏതാണ്ട് പൂർണ്ണമായിത്തന്നെ പ്രവാസിത്തൊഴിലാളികളെ ആശ്രയിക്കേണ്ടി വരുകയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഇവർ കേരളത്തിലേക്ക് വരേണ്ടത് നമ്മളോരോരുത്തരുടെയും ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യം വിദൂരമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതേ സമയം സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണം ക്രമാതീതമായി ഉയരുന്നതും കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയാണെന്നതും ആശങ്കപ്പെടുത്തുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. അഭ്യസ്തവിദ്യരുടെ എണ്ണം ഭീമമായി വർദ്ധിക്കുന്നതും അതിന് അനുസൃതമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവാത്തതും കേരളത്തിന് വലിയ വെല്ലുവിളിയാണെന്ന് നിരീക്ഷിച്ച സമിതി, കേരളത്തിലെ യുവജനങ്ങൾ വെള്ളക്കോളർ സംസ്കാരത്തിന് അമിതപ്രാധാന്യം കൽപ്പിക്കാതെ എല്ലാ ജോലിക്കും അതിന്റേതായ മാന്യതയുണ്ടെന്ന തിരിച്ചറിവ് സ്വായത്തമാക്കി മുന്നോട്ടിറങ്ങുമെന്നും ആയത് നമ്മുടെ സമ്പദ്‌വ്യവസ്ഥക്ക് തന്നെ മുതൽക്കൂട്ടാവുമെന്നും പ്രത്യാശ പ്രകടിപ്പിക്കുന്നു.

തിരുവനന്തപുരം,
2019 നവംബർ 19.

റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.